**<u>തദ്ദേശ സ്വയംഭരണ പ്ലാനിംഗ്</u>**
**<u>ജില്ലാ കാര്യാലയം, ആലപ്പുഴ</u>**
<u>ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്</u>
*(ഹാജർ : ശ്രീമതി. ഇന്ദു വിജയനാഥ്)*

വിഷയം – തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം, ആലപ്പുഴ – ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് – കണ്ണമംഗലം വില്ലേജ് – **സ്കൂൾ കെട്ടിട** നിർമ്മാണം – ലേ–ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് എന്നിവയുടെ അംഗീകാരം നല്കി ഉത്തരവാകുന്നു.

പരാമർശം – 1. ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11/05/2020–ലെ സി–1661/2020 നമ്പർ കത്ത്
2. എ.എൻ.പി നായർ മെമ്മോറിയൽ എജ്യൂക്കേഷൻ ട്രസ്റ്റ് ചെയർമാന്റെ 07/07/2020, 12/08/2020–എന്നീ തീയതികളിലെ കത്തുകൾ

**<u>ഉത്തരവ് നം.TCPALP/1030/2020–C/ K–Dis തീയതി: 09/09/2020</u>**

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കണ്ണമംഗലം വില്ലേജിൽ റീ–സർവ്വേ നമ്പർ 426/7,422/16/1,422/15,422/17/1, 426/14,426/27,426/31,426/18 എന്നിവയിൽ ഉൾപ്പെട്ട 121.61 ആർസ് വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിൽ 3209.23 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിനോട് ചേർന്ന് പുതുതായി നിർമ്മിക്കുന്ന 3 നിലകളിലുള്ള 911.65 ചതുരശ്ര മീറ്റർ വിസ്തീർണ്ണവും ഉൾപ്പെടെ ആകെ **4120.88** ചതുരശ്ര മീറ്റർ വിസ്തീർണ്ണവും , എഫ്. എസ്. ഐ. 0.34, കവറേജ് 22.13 ശതമാനവുമുള്ള വിദ്യാഭ്യാസ ഗണം ( **ബി**)യിൽപ്പെടുന്ന **സ്കൂൾ കെട്ടിട** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുന്നതിനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **എ.എൻ.പി നായർ മെമ്മോറിയൽ എജ്യൂക്കേഷൻ ട്രസ്റ്റ് ചെയർമാന്റെ** അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ K.P.B.R–2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലേ –ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. യൂസേജ് ഓഫ് പ്ലോട്ട് /ലേ–ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
2. KPBR 2019 ചട്ടം 5(4) ക്രമ നമ്പർ (13) പ്രകാരം അപേക്ഷകനും ആർക്കിടെക്റ്റും ഫയർ ആൻഡ് സേഫ്റ്റി നോംസ് പ്രകാരമുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അടുത്തുള്ള ഫയർ സ്റ്റേഷനിൽ ഹാജരാക്കിയിരിക്കണം.
3. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം , നിർമ്മാണാവകാശം,സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KPBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. KPBR 2019 ചട്ടം 28(1) പ്രകാരം ആവശ്യമായ പ്രവേശന മാർഗ്ഗത്തിന്റെ വീതി ഉണ്ട് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.

5. 2008–ലെ കേരളാ നെൽവയൽ / തണ്ണീർത്തട സംരക്ഷണ നിയമം, 2018 ലെ കേരളാ നെൽവയൽ / തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ പ്രസ്തുത പ്ലോട്ട് വരുന്നില്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
6. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
7. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
8. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
9. സൈറ്റ് പ്ലാനിൽ പൊളിച്ചുനീക്കുവാനെന്ന് കാണിച്ചിരിയ്ക്കുന്ന കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയിരിയ്ക്കണം.
10. പ്രസ്തുത നിർമ്മാണം KPBR 20119 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

**<u>അംഗീകരിച്ച ലേ–ഔട്ട് നമ്പർ – എൽ.എ 16/2020</u>**

Signature Not Verified
Digitally signed by INDU VIJAYANATH
Date: 2020.09.09 15:21:22 IST
Reason: Approved

**ഇന്ദു വിജയനാഥ്**
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

സ്വീകർത്താവ് :
**സെക്രട്ടറി, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്** ( സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ് –

1. ചെയർമാൻ, എ.എൻ.പി നായർ മെമ്മോറിയൽ എജ്യുക്കേഷൻ ട്രസ്റ്റ്, ചെട്ടികുളങ്ങര പി.ഒ, മാവേലിക്കര
2. ഓഫീസ് കോപ്പി
3. കരുതൽ ഫയൽ